# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 882 — 30.01.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരമേഖലയിൽ പ്രളയത്തിന്റെ അനന്തര ഫലങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തുണ്ടായ പ്രളയം ക്ഷീരമേഖലയെ എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) 2018-ലെ പ്രളയത്തിൽ ക്ഷീര മേഖലയ്ക്ക് ഏകദേശം 107.5 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.<br>പ്രളയത്തിൽ 5163 കറവപശുക്കൾ, 1089 കിടാരികൾ, 5166 കന്നുകുട്ടികൾ, 527 എരുമകൾ എന്നിവ നഷ്ടപ്പെട്ടുപോയതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ, 10612 കാലിത്തൊഴുത്തുകൾ പൂർണ്ണമായും 7730 കാലിത്തൊഴുത്ത് ഭാഗികമായും നശിച്ചുപോയിട്ടുണ്ട്.<br>പ്രളയത്തിന്റെ ഭാഗമായി ക്ഷീരസംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം ഏകദേശം 2.5 ലക്ഷം ലിറ്റർ കുറവുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് ഇതിനകം എന്തൊക്കെ ധനസഹായമാണ് നൽകിയതെന്ന് വിശദമാക്കാമോ; | (ബി) ക്ഷീരവികസന മേഖലയിൽ ഉണ്ടായ കനത്ത നാശനഷ്ടം നികത്തുന്നതിനായി 2018-19 വർഷത്തെ പദ്ധതി വിഹിതം പ്രയോജനപ്പെടുത്തി ഒട്ടനവധി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പെട്ടെന്നുള്ള നഷ്ടം നികത്തുന്നതിനായി കണ്ടിജൻസി ഫണ്ട് ഇനത്തിൽ 24.9 ലക്ഷം രൂപയും, പ്രളയ സമയത്ത് കാലികൾക്ക് നൽകുന്നതിനായി 28,857 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും പദ്ധതി തുക ഉപയോഗപ്പെടുത്തി ദുരിതാശ്വാസ പ്രവർത്തന-ങ്ങൾക്കായി വിനിയോഗിച്ചു. കൂടാതെ 22 കോടി രൂപ പദ്ധതി വിഹിതം ഉപയോഗിച്ച് നഷ്ടം വരുന്ന കർഷകർക്ക് ഉരുക്കളെ വാങ്ങുന്നതിന്, കാലിത്തൊഴുത്ത് നിർമ്മിക്കുക/ നവീകരിക്കുക, നഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് ആവശ്യാധിഷ്ഠിത ധനസഹായം നൽകുക എന്നീ ലക്ഷ്യത്തോട് കൂടി പ്രളയാനന്തര പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു.<br>ഇതു കൂടാതെ മൃഗസംരക്ഷണ വകുപ്പ് പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ടവർക്ക് ആകെ 17.89 കോടി രൂപ നൽകുകയും 2.68 കോടി രൂപയുടെ കാലിത്തീറ്റ |

പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്യുകയും ചെയ്തു. പ്രളയബാധിത പ്രദേശത്ത് മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ചു.

| | |
|---|---|
| സി) ക്ഷീരമേഖലയിൽ സ്വയം പര്യാപ്തത നേടുന്നതിനുള്ള സർക്കാർ പരിശ്രമങ്ങളെ പ്രളയം എത്രമാത്രം ദോഷകരമായി ബാധിച്ചുവെന്ന് വ്യക്തമാക്കുമോ? | സി) ക്ഷീരമേഖലയിൽ നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ ആവശ്യമുള്ള പാലിന്റെ ഏകദേശം 80-85% വരെ ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞിരുന്നു. സ്വയംപര്യാപ്തതയിലേക്ക് നീങ്ങിക്കൊണ്ടിരുന്ന സന്ദർഭത്തിലുണ്ടായ പ്രളയം പാലുല്പാദനത്തിൽ നേരിയ കുറവുണ്ടാക്കിയെങ്കിലും പ്രളയാനന്തര പ്രവർത്തനങ്ങളുടെയും ക്രിയാത്മകമായ ഇടപെടലുകളുടെയും ഭാഗമായി പാലുല്പാദനത്തിലുണ്ടായ കുറവ് പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**